പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5512 25.10.2011 ൽ മറുപടിക്ക്

## റോഡുകളുടെ അറ്റകുറ്റപ്പണി നിരീക്ഷിക്കാൻ പ്രത്യേക സംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എ.റ്റി. ജോർജ്ജ് :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡുകളുടെ അറ്റകുറ്റ ഷണി നടത്താൻ എന്തെല്ലാം നട പടി കൈക്കൊണ്ടിട്ടുണ്ട്; | (എ)ദേശീയപാത അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി സംസ്ഥാന സർക്കാർ 20.69 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയപാതയുടെ ഉപരിതലം മെച്ചപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ 191.31 കോടി രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 56.8 കോടി രൂപയുടെ അംഗീകാരം കൂടി നൽകുവാനുള്ള നടപടി സർക്കാർ എടുത്തു വരുന്നു.<br>സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി റോഡുകളുടെ അറ്റകുറ്റപ്പണി കൾക്കായി സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിയി തര വിഹിതമായി 470 കോടി രൂപയും ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ ക്കായി 63.60 കോടി രൂപയും കാലവർഷ ക്കെടുതികളിൽ തകർന്ന റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണി കൾക്കായി 314.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഇതിനു പുറമേ, സംസ്ഥാനത്തെ 5 കോർപ്പറേഷനുകളുടെ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 157.96 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

(ബി) ഇതിന്റെ പുരോഗതി നിരീക്ഷിക്കാൻ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ചുമതലകളും പ്രവർത്തനങ്ങളും എങ്ങനെയാണ് ;

(ഡി) ഇതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി), (സി) & (ഡി)

സംസ്ഥാനത്തെ റോഡുകളുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി സർക്കിൾ തലത്തിൽ (സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസ് തലത്തിൽ) ഒരു പ്രത്യേക പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ട്. ആദ്യപടിയായി 3 മാസത്തെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി 3 (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് (വിജിലൻസ്) & ടീം ദക്ഷിണമേഖലയ്ക്കും, കെ.എച്ച്.ആർ.ഐ ജോയിന്റ് ഡയറക്ടർ ടീം മദ്ധ്യമേഖലയ്ക്കും, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഭരണം) & ടീം ഉത്തരമേഖലയ്ക്കുമായി) പ്രത്യേക പരിശോധക സംഘങ്ങളെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഈ സമിതികളുടെ പരിശോധനയുടേയും വിശകലനത്തിന്റേയും അടിസ്ഥാനത്തിൽ എല്ലാ മാസവും റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗത്തേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ